**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - കാഴ്ച ഇല്ലാത്തവർക്കായുള്ള ഇൻഫർമേഷൻ കം ഓഡിയോ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2706/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/08/2017

പരാമർശം:-കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പ്രസിഡന്റ് സമർപ്പിച്ചിരിക്കുന്ന 07/11/2016 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

മലപ്പുറം കോട്ടക്കുന്നിൽ കാഴ്ചപരിമിതർക്കായി വായന വളർത്തുന്നതിനും കാഴ്ച ഇല്ലാത്തവർക്കുവേണ്ടിയുള്ള അപേക്ഷാ ഫോമുകളും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടി ടി.റ്റി.പി.സി അനുവദിച്ച സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഇൻഫർമേഷൻ സെന്റർ കം ഓഡിയോ ലൈബ്രറി ആരംഭിച്ചിട്ടുണ്ടെന്നും കാഴ്ചയില്ലാത്തവർക്ക് ആൻഡ്രോയിഡ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകുന്നുണ്ടെന്നും എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം ആഴ്ചയിൽ രണ്ടുദിവസം മാത്രമാണ് പ്രസ്തുത ലൈബ്രറി പ്രവർത്തിച്ചുവരുന്നതെന്നും ആയതിനാൽ ഇതിന്റെ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 3000/- രൂപ വീതം അനുവദിച്ച് നൽകണമെന്നും പരാമർശം (1) പ്രകാരം കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പ്രസിഡന്റ് അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം കോട്ടക്കുന്നിൽ കാഴ്ചപരിമിതർക്കായി വായന വളർത്തുന്നതിനും കാഴ്ച ഇല്ലാത്തവർക്കുവേണ്ടിയുള്ള അപേക്ഷാ ഫോമുകളും മറ്റ് സഹായങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടി ടി.റ്റി.പി.സി അനുവദിച്ച സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ആരംഭിച്ച ഇൻഫർമേഷൻ സെന്റർ കം ഓഡിയോ ലൈബ്രറിക്ക് മലപ്പുറം ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് 3000 (മൂവായിരം) രൂപ വീതം അവരവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡന്റ്, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.